## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3047      10.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

### സൗജന്യ ആരോഗ്യ ക്ഷേമ പദ്ധതികൾ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നടപ്പാക്കിയ സൗജന്യ ആരോഗ്യ ക്ഷേമ പദ്ധതികൾ ഏതൊക്കെയാണെന്നും ഈ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങളും ലഭ്യമാക്കാമോ? | മുൻ സർക്കാരിന്റെ കാലത്ത് ആരോഗ്യ വകുപ്പിന് കീഴിൽ നടപ്പിലാക്കിയ സൗജന്യ ആരോഗ്യ ക്ഷേമ പദ്ധതികൾ<br><br>1. സുകൃതം പദ്ധതി<br><br>ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ക്യാൻസർ രോഗികൾക്കും ചികിൽസ സൗജന്യമാക്കിക്കൊണ്ടുള്ള സുകൃതം പദ്ധതി 2014-ൽ സർക്കാർ നടപ്പിലാക്കിയത്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ തിരുവനന്തപുരം റീജീയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ ആശുപത്രികളിലായി ഇതിന്റെ സേവനം ലഭ്യമാക്കിയിരുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ അർബുദ രോഗികൾക്കും ഈ പദ്ധതി പ്രകാരം രണ്ട് ലക്ഷം വരെയുള്ള ചികിൽസ സൗജന്യമായും രണ്ട് ലക്ഷത്തിനു മുകളിൽ വരുന്ന തുകയ്ക്ക് സൊസൈറ്റിയുടെ അംഗീകാരത്തോടുകൂടി കൂടുതൽ തുകയും അനുവദിക്കുന്നതിന് മാർഗ്ഗനിർദ്ദേശം ഉണ്ട്.<br><br>പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ 22 കോടി രൂപ കോർപ്പസ് ഫണ്ടായി അനുവദിക്കുകയുണ്ടായി. ഇതിൽ 12 കോടി രൂപ തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിനും. 5 കോടി രൂപ തലശ്ശേരി മലബാർ ക്യാൻസർ സെന്ററിനും. 3 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജിനും. 2 കോടി രൂപ വീതം തിരുവനന്തപുരം, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകൾക്കും |

എറണാകുളം ജനറൽ ആശുപത്രിക്കും അനുവദിക്കുകയുണ്ടായി. ക്യാൻസർ ചികിത്സക്കായുള്ള ആർ. എസ്.ബി.വൈ/ചിസ്, ചിസ് പ്ലസ്, കാരുണ്യ, താലോലം പോലെയുള്ള ധനസഹായ പദ്ധതികൾ പൂർണമായും ഉപയോഗ്യപ്പെടുത്തിയ ശേഷം മാത്രമേ ഫണ്ടിൽ നിന്നും അർഹത ലഭിക്കുകയുള്ളൂ.

ആരോഗ്യകിരണം

കേരള സർക്കാർ 2014-15 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച ആരോഗ്യകിരണം പദ്ധതിയിലൂടെ 18 വയസിൽ താഴെയുള്ള കുട്ടികളുടെ ദേശീയ ശിശു ജനാരോഗ്യ പദ്ധതിയിൻ കീഴിൽ വരാത്ത അപകടങ്ങൾ ഉൾപ്പെടെയുള്ള അസുഖങ്ങളുടെ ചികിത്സ ചെലവ് സർക്കാർ വഹിക്കും. സംസ്ഥാന ആരോഗ്യസേവന വിഭാഗത്തിനു കീഴിലുള്ള സർക്കാർ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പാക്കി വരുന്നു.

2014-2015-ൽ 1000 ലക്ഷം രൂപയും 2015-16-ൽ 1500 ലക്ഷം രൂപയും 2016-17-ൽ 3150 ലക്ഷം രൂപയും (കുട്ടികൾക്കുള്ള ക്യാൻസർ സുരക്ഷാ പദ്ധതി, താലോലം പദ്ധതി എന്നിവയുൾപ്പടെ) 2017-18-ൽ 1835 ലക്ഷം രൂപയും ഈ പദ്ധതിയ്ക്കായി വകയിരുത്തുന്നു.

കാരുണ്യ ബനവലന്റ് ഫണ്ട്

2011-12 ബഡ്ജറ്റിൽ ഉൾപ്പെടുത്തി ക്യാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തലച്ചോർ സംബന്ധമായ രോഗം, കരൾ സംബന്ധമായ രോഗം, ഹീമോഫീലിയ, പാലിയേറ്റീവ് കെയർ, എന്നിവയുടെ ചികിത്സയ്ക്കും ശസ്ത്രക്രിയയ്ക്കും പരമാവധി 2 ലക്ഷം രൂപ ധനസഹായം നൽകുന്നതാണ് ഈ പദ്ധതി. ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും മൂന്നു ലക്ഷം രൂപ വരെ വരുമാനമുള്ള എ.പി.എൽ.കാർക്കും ധനസാഹയത്തിന് അപേക്ഷിക്കാവുന്നതാണ്. കാരുണ്യ പദ്ധതിയിൽ സർക്കാർ ആശുപത്രികളിലും സർക്കാർ അംഗീകൃത സ്വകാര്യ ആശുപത്രികളിലും മേൽപ്പറഞ്ഞ രോഗങ്ങളുടെ ശസ്ത്രക്രിയയും അനുബന്ധ ചികിൽസയും നടത്തുന്നതിന് ധനസഹായം നൽകുന്നു. മാരകമല്ലാത്ത രോഗങ്ങൾ കാരണം ആശുപത്രിയിൽ കിടത്തി ചികിത്സിക്കുന്നവർക്ക്

| | |
|---|---|
| | ഒറ്റത്തവണ ചികിത്സ ധനസഹായമായി അയ്യായിരം രൂപ വരെ ലഭിക്കുന്നതാണ്.<br>സാമൂഹ്യനീതി വകുപ്പിൽ നിന്നും സാമൂഹ്യ സുരക്ഷമിഷൻ മുഖേന നടത്തുന്ന വിവിധ സൗജന്യ ആരോഗ്യക്ഷേമ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. <u>സമാശ്വാസം പദ്ധതി</u> : ടി പദ്ധതി പ്രകാരം നാല് വിഭാഗങ്ങളിൽപ്പെട്ട രോഗികൾക്ക് ധനസഹായം നൽകി വരുന്നു.

**സമാശ്വാസം പദ്ധതി I**

വൃക്കയ്ക്ക് തകരാർ സംഭവിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന BPL വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസ ധനസഹായം 1000/- രൂപ നിരക്കിൽ നൽകി വരുന്നു.

**സമാശ്വാസം പദ്ധതി II**

വൃക്ക, കരൾ അവയവ മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ രോഗികൾക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ അനുവദിക്കുന്നു. 1 ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. ശസ്ത്രക്രിയ കഴിഞ്ഞ് 5 വർഷം വരെയാണ് ധനസഹായം അനുവദിക്കുന്നത്.

**സമാശ്വാസം പദ്ധതി III**

രക്തം കട്ടപിടിക്കാൻ ആവശ്യമായ കോട്ടിംഗ് ഫാക്ടറുകളായ 8, 9, 11, 13 എന്നിവയുടെ കുറവ് മൂലം ഹീമോഫീലിയയും അനുബന്ധരോഗങ്ങളും ബാധിച്ചവർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ അനുവദിക്കുന്നു. വരുമാന പരിധി ബാധകമാക്കാതെയാണ് ധനസഹായം അനുവദിക്കുന്നത്.

**സമാശ്വാസം പദ്ധതി IV**

സംസ്ഥാനത്ത് അരിവാൾ രോഗം ബാധിച്ച നോൺ ട്രൈബൽ വിഭാഗത്തിൽപ്പെട്ട രോഗികളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. പട്ടികവർഗ്ഗക്കാരല്ലാത്ത അരിവാൾ രോഗം ബാധിച്ചവരെ മാത്രമേ ടി പദ്ധതിയിൽ പരിഗണിക്കുകയുള്ളൂ. പ്രതിമാസം 1000/- രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

**2. ക്യാൻസർ സുരക്ഷ**

18 വയസ്സിന് താഴെയുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്ന പദ്ധതിയാണിത്. നീണ്ടകാലം ചെലവേറിയ ചികിത്സ വേണ്ടി വരുന്നവർക്ക് ചികിത്സാ ചെലവ് പരിമിതപ്പെടുത്തിയിട്ടില്ല.

**3. താലോലം പദ്ധതി**

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കുണ്ടാകുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ, നാഡീ രോഗങ്ങൾ, സെറിബ്രൽ പാൾസി, ഓട്ടിസം, അസ്ഥി വൈകല്യങ്ങൾ, എൻഡോസൾഫാനുമായി ബന്ധപ്പെട്ട വിവിധ രോഗങ്ങൾ, ഡയാലിസിസ് എന്നിവയ്ക്ക് ശസ്ത്രക്രിയ അടക്കമുള്ള ചികിത്സാ ചെലവ് വഹിക്കുന്നു. കൂടുതൽ വിദഗ്ദ്ധ ചികിത്സ ആവശ്യമായവർക്കും ചികിത്സാ ചെലവിന് പരിധി ഏർപ്പെടുത്തിയിട്ടില്ല.

4. **വയോമിത്രം പദ്ധതി**

സംസ്ഥാനത്ത് വയോജന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ആരംഭിച്ച നൂതന പദ്ധതിയാണ് വയോമിത്രം. 2012-13 സാമ്പത്തികവർഷം മുതലാണ് ടി നടപ്പിലാക്കി വരുന്നത്. ടി പദ്ധതി മുഖേന 65 വയസിന് മുകളിൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും കൗൺസിലിംഗും വൈദ്യസഹായവും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പ് രോഗികളുടെ വീടുകളിൽ പോയി പാലിയേറ്റീവ് ഹോം കെയർ നൽകുന്നു. ആശുപത്രികളിൽ വയോജനങ്ങളെ കൊണ്ടുപോകുന്നതിനും തിരികെ എത്തിക്കുന്നതിനും സൗജന്യ ആംബുലൻസ് സേവനം നൽകി വരുന്നു. വയോജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഹെൽപ്പ് ഡെസ്കുകൾ പ്രവർത്തിച്ചുവരുന്നു.

5. **ശ്രുതി തരംഗം - കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

0-5 വയസ്സു വരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവി ശക്തി ലഭിക്കുമെന്ന് ബന്ധപ്പെട്ട ഡോക്ടർ സാക്ഷ്യപ്പെടുത്തുന്ന കുഞ്ഞുങ്ങൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറിയിലൂടെ കേൾവിയും, തുടർച്ചയായ ഓഡിയോ വെർബൽ ഹബിലിറ്റേഷനിലൂടെ സംസാര ശേഷിയും ലഭ്യമാക്കുന്ന പദ്ധതി. ഒരു ഗുണഭോക്താവിന് അഞ്ചര ലക്ഷം രൂപ വരെ ചെലവ് ചെയ്ത് നടപ്പാക്കുന്ന ഈ പദ്ധതി പൂർണ്ണമായും സൗജന്യമാണ്. പ്രതിവർഷം 2 ലക്ഷം രൂപ വരെ കുടുംബ വരുമാനമുള്ള കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്. പദ്ധതി നടപ്പാക്കുന്നതിന് എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിൽ സൗകര്യപ്രദമായവ ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്.

സാമൂഹ്യനീതി വകുപ്പിൻ കീഴിലുള്ള 15 ഗവണ്മെന്റ് വൃദ്ധസദനങ്ങളിലെ അന്തേവാസികളുടെ ആരോഗ്യപരിരക്ഷയ്ക്കായി ഭാരതീയ ചികിത്സാ വകുപ്പുമായി സഹകരിച്ച് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ ആയുർവ്വേദ പ്രോജക്ടാണ് **വയോ അമൃതം.**

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് നൽകി വരുന്ന ശുശ്രൂഷ മെച്ചപ്പെടുത്തി ഇവരെ സാമൂഹികാടിസ്ഥാനത്തിൽ പുനരധിവസിപ്പിക്കുന്നതിനായി കോഴിക്കോട് IMHANS മുഖേന ഡിസ്ട്രിക് സൈക്യാട്രിക് റീ - ഹാബിലിറ്റേഷൻ പ്രോജക്ട് (DPRP) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ